പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1164 29/9/2011 ൽ മറുപടിയ്ക്ക്

## വടക്കാഞ്ചേരിയിലെ കമ്മ്യൂണിറ്റി കോളേജ്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരിയിൽ കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഏത് സ്ഥാപനത്തിൻ കീഴിലാണ് പ്രസ്തുത കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഏതുതരം കോഴ്സുകളാണ് ഈ കോളേജിൽ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. Nettoor Technical Training Foundation-ന്റെ സാങ്കേതിക സഹായത്തോടെയാണ് പ്രസ്തുത കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. Tool & Dye Making, Instrumentation എന്നീ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) കോളേജ് ഉടൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടം ലഭ്യമാണോ; ഏതെല്ലാം കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ വടക്കാഞ്ചേരി ഗവൺമെന്റ് ആശുപത്രിയ്ക്ക് സമീപം എസ്. എൻ. ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള X/141-ാം നമ്പർ ഇരുനില കോൺക്രീറ്റ് കെട്ടിടത്തിന്റെ മുകൾ നിലയിലെ ഏകദേശം $15m^2$ വിസ്തീർണ്ണമുള്ള ഒരു മുറിയും 100 സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള ഹാളും സ്ഥാപനം ആരംഭിക്കുന്നതിനായി വിട്ടു നൽകാമെന്ന് വടക്കാഞ്ചേരി എസ്.എൻ. ട്രസ്റ്റ് ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടം ഉപയോഗപ്പെടുത്തി ആദ്യഘട്ടം Tool & Dye making എന്ന കോഴ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്ഥാപനത്തിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; ഭൂമി ലഭ്യമാണോ; വിശദമാക്കുമോ? | (സി) | ഇല്ല. കമ്മ്യൂണിറ്റി കോളേജ് നിർമ്മിക്കുന്നതിന് മതിയായ വിസ്തീർണ്ണമുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ